40

1B4A24198 (Pages :3) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA/B.Sc Degree Examination, April 2024**

**BML4A10 – Malalyala Sahithyam– 4**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതം . പരമാവധി 25 മാർക്ക്**

1. മലബാറിൽ നിന്നുള്ള പ്രവാസവും മധ്യതിരുവിതാംകൂർ പ്രവാസ്വും തമ്മിൽ എന്ത് വ്യതാസമാണുള്ളത്?
2. വിവർത്തനം ചെയ്യപ്പെട്ട ജീവിതങ്ങൾ' എന്ന ശീർഷകം എന്തിനെയാണ്സൂചിപ്പിക്കുന്നത്?
3. ഓംപ്രകാശിന് നേരിടേണ്ടി വന്ന ജാതീയമായ ഒരു ദുരനുഭവം ചൂണ്ടിക്കാട്ടുക.
4. 'ആന ചത്താലെന്ത്; വില അപ്പോഴും പന്തീരായിരമല്ലേ' എന്തിനെപ്പറ്റിയാണ് എം ഗോവിന്ദൻ ഇങ്ങനെ പറഞ്ഞത്?
5. ആഷറിന്റെ നേതൃത്വത്തിൽ വിവർത്തനം ചെയ്തബഷീറിന്റെ മൂന്നു കൃതികളുടെ പേരെഴുതുക.
6. എഞ്ചിനീയറിങ് വിദ്യാർഥികൾ ഭൂമിയുടെ അവകാശികൾ വായിക്കണം എന്നുപറയുന്നതിന്റെ യുക്തിഎന്താണ്?
7. ആരോഗ്യനികേതനം ആരുടെ രചനയാണ്? ഏത് ഭാഷയിലാണ് ഈ കൃതി രചിച്ചിട്ടുള്ളത്?
8. തീറ്റയുടെ ജനാധിപത്യം എന്നതുകൊണ്ട്കാരശ്ശേരി എന്താണ് ഉദ്ദേശിക്കുന്നത്?
9. നുണ നമ്മളെത്ര ഭംഗിയായി പറയുന്നു എന്നതിന്റെ സൂചകമാണ് 'ഭംഗിവാക്ക്' എന്ന എൻ.കാരശ്ശേരിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനം എന്താണ്?
10. 'കൊലപാതകം തന്നെയായാലും ഒരു നായാടി തന്നെയാണ് നിരപരാധി' എന്ന് ധർമ്മപാലൻ പറഞ്ഞത് ഏത് സന്ദർഭത്തിലാണ്?

11. കാപ്പൻ ധർമ്മപാലനായതിന് പ്രേരകമായത് ആരെല്ലാം?

12. തോട്ടി ഡോക്ടർ എന്ന് കളിയാക്കപ്പെട്ടത് ആരാണ്? എന്തായിരുന്നു കാരണം?

13. ആശയവിനിമയപ്രക്രിയയിൽ സങ്കേതനം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?

14. ഭാഷാശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ വാക്കും ആശയവും തമ്മിലുള്ള ബന്ധം ഏത് വിധത്തിലുള്ളതാണ്?

15. 'രണ്ടുപേർക്കിടമില്ലാത്ത ഭവന'ത്തിലെ ആദ്യ തവണ .നിരാകരിക്കപ്പെട്ട സ്നേഹിതൻ രണ്ടാം തവണ വാതിലിൽ മുട്ടിയപ്പോൾ സുഹൃത്ത് മുറിയിൽ പ്രവേശിപ്പിച്ചതിന് കാരണമെന്തായിരുന്നു?

**ഒന്നരപ്പുറത്തിൽകവിയാതെഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം . പരമാവധി 35 മാർക്ക് .**

16. യഹോവയെ ധിക്കരിച്ചതാണ് മനുഷ്യ പുരോഗതിയുടെ അടിസ്ഥാനം എന്നാണോ എം ഗോവിന്ദന്റെ നിരീക്ഷണം? വിമർശനാത്മകമായി വിലയിരുത്തുക.

17. 'ഒറിജിനൽ സർട്ടിഫിക്കറ്റുള്ള വ്യാജബിരുദക്കാർ' എന്ന പരിഹാസത്തിന് മലയാളി എത്രത്തോളം അർഹനാണ് എന്ന് വിലയിരുത്തുക.

18. ബഷീറിന്റെ രചനകൾ എങ്ങനെയാണ് വിവർത്തകർക്ക് വെല്ലുവിളി ഉയർത്തുന്നത് എന്ന് വിശകലനംചെയ്യുക.

19. ധർമ്മപാലന്റെ ഭാര്യ സുധ പുരോഗമന വീക്ഷണമുള്ള ഒരു വ്യക്തിയാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

20. 'തന്റെ അമ്മയെയും സമുദായത്തെയും ഒപ്പം കൂട്ടാൻ കഴിയാതെ പോയതിന്റെ വേദനയാണ് ധർമ്മപാലനെ ഇനി വേട്ടയാടുക.' ഈ അഭിപ്രായത്തോടുള്ള പ്രതികരണം ഒരു കുറിപ്പായിഎഴുതുക.

21. ആശയവിനിമയപ്രക്രിയയിലെ ഘടകങ്ങൾ ഏവ? അവയുടെ ധർമ്മം എന്ത്?

22. കേരളത്തിലെ പെൺപ്രവാസത്തെപ്പറ്റി വിവരിക്കുക.

23. ഗാന്ധിജിയുടെ ആത്മകഥയുടെ താഴെ ചേർത്തഭാഗം മലയാളത്തിലേക്ക് വിവർത്തനംചെയ്യുക.

... But a passenger came next, and looked me up and down. He saw that I was a 'coloured' man. This disturbed him. Out he went and came in again with one or two officials. They allkept quiet, when another official came to me and said 'come along, you must go to the vancompartment' 'But I have a first-class ticket'

'That doesn't matter', rejoined the other.'I tell you; you must go to the van compartment.' 'I tell you I was permitted to travel in this compartment at Durban and I insist on going on in it.'

'No, you won't' said official. 'You must leave this compartment, or else I shall have to call a police constable to push you out.'

'Yes, you may. I refuse to get out voluntarily.'

The constable came. He took me by the hand and pushed me out. My luggage was also taken out. I refuse to go to the other compartment and the train steamed away. I went and sat in the waiting room, keeping my handbag with me, and leaving the other luggage where it was. The railway authorities had taken charge of it.

**മൂന്ന്പുറത്തിൽ കവിയാതെ രണ്ട്ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. 10 മാർക്ക് വീതം.**

24. 'രാഷ്ട്രീയമായി സ്വതന്ത്രമായിട്ടും ജാതീയമായി സ്വാതന്ത്ര്യം നേടാനാകാത്ത ഇന്ത്യയുടെ ചിത്രമാണ് ഓം പ്രകാശ് വാല്മീകിയുടെ ജൂഠൻ (എച്ചിൽ) എന്ന ആത്മകഥയും ജയമോഹന്റെ നൂറുസിംഹാസനങ്ങളും ആവിഷ്കരിക്കുന്നത്.' സയുക്തികം വിശദീകരിക്കുക.

25. 'ദൂരം വിളിക്കുമ്പോൾ' എന്ന പുസ്തകത്തിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മലയാളിയുടെ പ്രവാസജീവിതത്തിന്റെ ലഘുചരിത്രം തയ്യാറാക്കുക.

26. സൌന്ദര്യാത്മക വിദ്യാഭ്യാസത്തിന് വ്യക്തിയുടെ സാമൂഹ്യവൽക്കരണത്തിലുള്ള പങ്ക് വിശദീകരിക്കുക.

27. ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

A. സ്ത്രീശാക്തീകരണത്തിൽ വനിതാസംവരണ ബില്ലിന്റെ പങ്ക്.

B. സമൂഹമാധ്യമങ്ങൾ വിദ്യാഭ്യാസ മാധ്യമം എന്ന നിലയിൽ.

41

1B4A24199 (Pages :2) Reg. No:...........................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2024**

**BML4B05 - Prajeena Madhyakala Malayalam Kavitha**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

SECTION A

I ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

1 മണിപ്രവാളത്തിന് ലീലാതിലകകാരൻ നൽകുന്ന ലക്ഷണം എഴുതുക

2 വഞ്ചിപ്പാട്ട് വൃത്തം എന്നറിയപ്പെടുന്ന വൃത്തമേത്?

3 രാമചരിതത്തിൽ ആകെ എത്ര പടലങ്ങളാണുള്ളത്? ആകെ എത്ര പാട്ടുകളുണ്ട്?

4 നിരണം കവികൾ എന്നറിയപ്പെടുന്ന കവികൾ ആരെല്ലാം?

5 'ഉണ്ണുനീലിസന്ദേശം ഒരു മുഴുത്ത ചിരി' എന്ന് പറഞ്ഞതാര്?

6 ഗാഥാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര്?

7 തുള്ളൽ എത്ര വിധം ? അവയേവ?

8 'മുല്ലപ്പൂവിൻ പരിമളമെഴും തെന്റൽ<br>തീയെന്റ പോലെ'' എന്ന് തോന്നിയതാർക്ക്? എന്തുകൊണ്ട്?

9 'ഇരവിക്കുട്ടിപ്പിള്ളപ്പോര്' എന്ന കൃതിയുടെ മറ്റൊരു പേരെന്ത്?

10 പത്മനാഭസ്വാമിക്ഷേത്രത്തിൽ ചന്ദ്രവളയം എന്ന വാദ്യോപകരണം വായിച്ച് അവതരിപ്പിക്കുന്ന കാവ്യമേത്?

11 'പട്ടുകിടക്ക മേലേ കിടക്കുന്ന നീ<br>പട്ടുകിടക്കുമാറായിതോ ചോരയിൽ' ആരാണ് ഇങ്ങനെ പറഞ്ഞത്? ആരെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞത്?

12 ഭാഷാനൈഷധം ചമ്പുവിന്റെ കർത്താവ് ആര്?

13 'ദ്രമിഡ സംഘാതാക്ഷരം' എന്നതുകൊണ്ട് ലീലാതിലകകാരൻ അർത്ഥമാക്കുന്നതെന്ത്?

14 'തോറ്റം' എന്ന പദത്തിന്റെ അർത്ഥമെന്ത്?

15 ഗാഥാവൃത്തമായ മഞ്ജരിയുടെ ലക്ഷണമെന്ത്?

(15 x 2 = 30പരമാവധി മാർക്ക് 25)

## SECTION B

II ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക

16 'നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ
ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും'' - വിശദമാക്കുക

17 പാട്ടിന് ലീലാതിലകകാരൻ നൽകുന്ന ലക്ഷണമെഴുതി വിശദീകരിക്കുക.

18 ഹനുമാന്റെ സമുദ്രലംഘനസമയത്തുണ്ടായ പ്രകൃതിയുടെ മാറ്റം കണ്ണശ്ശരാമായണത്തിൽ വർണ്ണിക്കുന്നതെങ്ങനെ?

19 ഉലകുടപെരുമാളിന്റെ ഭരണകാലത്തെ സമൃദ്ധിയെക്കുറിച്ച് ഘോഷയാത്രയിൽ നമ്പ്യാർ വിശദീകരിക്കുന്നതെങ്ങനെ?

20 'ബദറുൽ മുനീർ ഹുസുനുൽ ജമാൽ' ഒരു ഉത്തമ മാപ്പിളപ്പാട്ടു കൃതിയാണ്. സമർത്ഥിക്കുക.

21 'വംശവും കൂടെ മുടിഞ്ഞുപോമില്ലൊരു-
സംശയം മൂന്നു പന്തീരാണ്ടു ചെല്ലുമ്പോൾ' കാരണം വിശദമാക്കുക

22 നീങ്കളെ കൊത്ത്യാലും ചോരല്ലോ ചൊവ്വറ്?
നാങ്കളെ കൊത്ത്യാലും ചോരല്ലോ ചൊവ്വറ്. ഈ വരികളിലൂടെ പൊട്ടൻതെയ്യം മുന്നോട്ടു വയ്ക്കുന്ന ആശയം എന്ത്?

23 മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള പ്രാചീന ചമ്പുകാവ്യങ്ങളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

(5 x 8 = 40 പരമാവധി മാർക്ക് 35)

## SECTION C

III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 രാമചരിതം ഒരു ഉത്തമ പാട്ടുകൃതിയാണ്. ഉദാഹരണസഹിതം സമർത്ഥിക്കുക.

25 എഴുത്തച്ഛന്റെ വർണ്ണനാപാടവം മഹാഭാരതം കിളിപ്പാട്ട് 'സ്ത്രീപർവ്വ'ത്തെ അടിസ്ഥാനമാക്കി വിശദമാക്കുക

26 ലളിതമായ ഭാഷയും വാങ്മയചിത്രം അവതരിപ്പിക്കാനുള്ള കഴിവും കൃഷ്ണഗാഥയെ മിഴിവുറ്റതാക്കി. വിമർശനബുദ്ധ്യാ വിലയിരുത്തുക

27 കേരളസംസ്കാരത്തിന്റെ സ്വാധീനം നാടൻപാട്ടുകളിൽ എങ്ങനെ പ്രകടമാവുന്നു?

(2 x 10 = 20 മാർക്ക്)

42

1B4A24200 (Pages : 2) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2024**

**BML4B06 - Malayala Novel Sahithyam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** [2 x 15 = 30 (പരമാവധി മാർക്ക് 25)]

1. ആദ്യത്തെ ലക്ഷണമൊത്ത നോവലായ ഇന്ദുലേഖ പ്രസിദ്ധീകരിച്ച വർഷം ഏത്? രചയിതാവ് ആര്?
2. മാർത്താണ്ഡവർമ്മ നോവലിൽ ചെമ്പകശ്ശേരിയിലെ ആയുധപ്പുര സൂക്ഷിപ്പുകാരനാര്?
3. ബാല്യകാല സഖി എന്ന നോവലിൽ മജീദ് വീടുവിട്ട് പോകുവാനുള്ള കാരണമെന്ത്?
4. രവി ആരംഭിച്ച ഏകാധ്യാപക വിദ്യാലയം എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
5. മഞ്ഞ് എന്ന നോവലിലെ കേന്ദ്രകഥാപാത്രത്തിന്റെ പേരെന്ത്?
6. സുൽത്താൻ വീട് എന്ന നോവൽ എഴുതിയതാര്?
7. 'കൊച്ചരേത്തി' നോവലിൽ ഔഷധസസ്യങ്ങളെ കുറിച്ച് അറിയാവുന്ന കഥാപാത്രമാര്?
8. ആദ്യത്തെ വയലാർ അവാർഡ് ലഭിച്ച നോവൽ ഏത്? എഴുതിയത് ആര്?
9. "കളിഭ്രാന്ത്, കഥകളി ഭ്രാന്ത് ", ആരുടെ വാക്കുകളാണിത്? ആരോടാണ് ഇങ്ങനെ പറയുന്നത്?
10. എൻ.പി . മുഹമ്മദും, എം.ടി വാസുദേവൻ നായരും ചേർന്ന് എഴുതിയ നോവൽ ഏത്?
11. ഗോത്രവർഗ്ഗക്കാരുടെ ജീവിതം അവതരിപ്പിക്കുന്ന മാവേലി മൻറം എന്ന നോവൽ എഴുതിയതാര്?
12. 'ഇമ്മിണി വല്യ ഒന്ന് '- എല്ലാവരും അവനെ നോക്കി ചിരിച്ചു. സന്ദർഭം എഴുതുക.
13. 'കിളി പോയി തുമ്പി പിടിക്കൂ' - ആരുടെ വാക്കുകൾ? സന്ദർഭമേത്?
14. എടാ കുരുത്തംകെട്ട കഴിവേറി, തെമ്മാടി ചിന്നനെ മദിരാശിക്ക് അയച്ചുവോ? ആരുടെ വാക്കുകൾ സന്ദർമെന്ത്?
15. നോവൽ സാഹിത്യ പഠനങ്ങൾ എന്ന കൃതി എഴുതിയതാര്?

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.** [5 x 8 = 40 (പരമാവധി മാർക്ക് 35)]

16. ഇന്ദുലേഖയുടെ ഉജ്ജ്വല വ്യക്തിത്വത്തിന് മുമ്പിൽ മാധവന്റെ പ്രഭാവങ്ങൾ മങ്ങി പോകുന്നുവെന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക?
17. മുങ്ങാങ്കോഴിയുടെ സ്വഭാവം നിരൂപണം ചെയ്യുക?
18. സുൽത്താൻ വീട് എന്ന നോവലിൻറെ പ്രമേയ പരിസരമൊരുക്കുന്നതിൽ ഒന്നാം അധ്യായത്തിന്റെ പ്രാധാന്യമെന്ത്?
19. ജനപ്രിയ നോവലുകളുടെ സ്വഭാവം നിരൂപണം ചെയ്യുക.
20. 'സ്വാർത്ഥ പരിപൂരിതമാണ് ജീവിതം'! ജീവിതത്തെക്കുറിച്ചുള്ള ഇത്തരമൊരു കാഴ്ചപ്പാടിലേക്ക് മജീദ് എത്തിച്ചേരാനിടയായ സാഹചര്യമെന്ത്? വിവരിക്കുക.
21. പുസ്തകം വാങ്ങാൻ പണമില്ലാതെ പഠനം നിർത്തിയ ഉമ്മർകോയയുടെ ജീവിത പരിസരങ്ങളിലേക്ക് മാറ്റുവും അലക്കുകാരൻ വേലുവും വരുന്നതോടെ സംഭവിക്കുന്ന മാറ്റങ്ങൾ എന്തെല്ലാം? വിശദമാക്കുക.
22. 'ഞാൻ പറഞ്ഞില്ലേ എന്നോടാരും ചോദിച്ചില്ലെന്ന്, പിന്നെ ഞാനൊരു ഭാരമായി എത്രനാൾ കഴിയും? ഞാനൊരു സ്ത്രീയല്ലേ'? സ്ത്രീയെക്കുറിച്ചുള്ള സുഹറയുടെ ഈ കാഴ്ചപ്പാടിനെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

23. പ്രണയത്തിന്റെ മാധുര്യവും വിരഹത്തിന്റെ വേദനയും ഒരുപോലെ മലയാളികൾക്ക് അനുഭവവേദ്യമാക്കുന്നു എം.ടി യുടെ മഞ്ഞ് - വിശദമാക്കുക.

**രണ്ട് ചോദ്യങ്ങളെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക [2 x 10 = 20]**

24. ചരിത്രങ്ങളും മിത്തുകളുമോളിപ്പിച്ച പ്രാചീനമായ ഒരു ഗ്രാമമായിരുന്നു ഖസാക്ക് - വിശദമാക്കുക.

25. ചരിത്രാഖ്യായിക എന്ന നിലയ്ക്ക് മാർത്താണ്ഡവർമ്മ എന്ന നോവലിന്റെ പ്രാധാന്യമെന്ത്?

26. നമ്പൂതിരി ഇല്ലങ്ങളിൽ തളം കെട്ടി നിന്ന ആത്തേമ്മമാരുടെ ഏകാന്തതയും ദുഃഖങ്ങളും ഗദ്ഗദങ്ങളും വിഷാദത്തുടിപ്പുകളും അഗ്നിസാക്ഷി എന്ന നോവലിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് വിശദമാക്കുക.

27. ആഖ്യാനശൈലിയുടെയും ഭാഷയുടെയും പ്രയോഗരീതി കൊണ്ട് നാരായണൻ മറ്റ് രചനകളിൽ നിന്നും വ്യത്യസ്തമാണ് കൊച്ചരേത്തി - വിശദമാക്കുക.

1B4A24201 43(Pages : 1) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2024**

**BML4C04 - Kerala Padanam Adunika Keralam**

(2022 Admission onwards)

Time: 1 ½ hours Max. Marks : 40

---

**I. ഒന്നോ രണ്ടോവാക്യത്തിൽ ഉത്തരമെഴുതുക**

1. 'മലയാളി മെമ്മോറിയൽ' എന്നാൽ എന്ത്?
2. 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകത്തിന്റെ പ്രമേയമെന്ത്?
3. പ്രത്യക്ഷ രക്ഷാ ദൈവസഭ സ്ഥാപിച്ചതാര്? ലക്ഷ്യമെന്ത്?
4. വക്കം അബ്ദുൽഖാദർ മൗലവിയുടെ ഏതെങ്കിലും രണ്ടു രചനകളുടെ പേരെഴുതുക?
5. വിമോചന സമരത്തിലേക്ക് നയിച്ച കാരണങ്ങൾ എന്ത് ?
6. നിവർത്തന പ്രക്ഷോഭത്തിന്റെ കാരണമെന്തായിരുന്നു?

(6x2=12= പരമാവധി 10മാർക്ക്)

**II. താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക**

7. മക്തി തങ്ങൾ
8. ഗുരുവായൂർ സത്യാഗ്രഹം
9. ഐക്യകേരള പ്രസ്ഥാനം
10. അയ്യാവൈകുണ്ഠർ
11. സാധുജന പരിപാലനസംഘം
12. കരിവെള്ളൂർ സമരം

(6x4=24 പരമാവധി 20മാർക്ക്)

**III. ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

13. കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക
14. ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങൾ കേരളീയ നവോത്ഥാനത്തെ ശക്തിപ്പെടുത്തിയതെങ്ങനെ? വിശദീകരിക്കുക

(1x10=10മാർക്ക്)